LIBRARY ARCHIVES Kerala Legislative Assembly

ശേഷിയുള്ള ആളുകൾക്കായുള്ള ഒട്ടേറെ ക്ഷേമപദ്ധതികൾ കാലാകാലങ്ങളിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ബിൽഡിംഗ് റൂളിൽ ഭേദഗതി വരുത്തുകയും 2011-ന ശേഷം നിർമ്മിക്കുന്ന എല്ലാ ബഹുനില മന്ദിരങ്ങളിലും ലിഫ്റ്റ്, റാമ്പ്, അഡാപ്റ്റീവ് ടോയ്ലറ്റ് എന്നീ സൗകര്യങ്ങളുണ്ടോയെന്ന് നിർബന്ധമായും ഉറപ്പാക്കിയതിനുശേഷവും മാത്രമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്. 2011-നുമുമ്പുള്ള കെട്ടിടങ്ങളിൽ 1000 സ്ക്വയർ മീറ്ററിലധികം അളവുള്ള പ്രതലങ്ങൾ ബാരിയർ ഫ്രീയാക്കാനും വിഭിന്ന ശേഷിയുള്ളവരുടെ വീൽ ചെയർ കടന്നെത്തുന്നതിന് സൗകര്യമുള്ള അഡാപ്റ്റീവ് ടോയ്ലറ്റുകൾ സ്ഥാപിക്കാനും നടപടികൾ കൈക്കൊണ്ടുവരുന്നു. സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ, ചീഫ് ആർക്കിടെക്ട്, ചീഫ് എഞ്ചിനീയർ, വികലാംഗ കമ്മീഷണർ എന്നിവർ ഉൾപ്പെട്ട സംസ്ഥാന ഉന്നതതല സമിതി ഈ വിഷയം അവലോകനം നടത്തിവരുന്നു. ജില്ലാതലസ്ഥാനങ്ങൾ, സിവിൽ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, പാർക്കുകൾ എന്നിവിടങ്ങൾ വികലാംഗ സൗഹൃദമാക്കുന്നതിലേക്കായി ജില്ലകളിലെ വകുപ്പ് മേധാവികളുടെ യോഗം എല്ലാ ജില്ലകളിലും വിളിച്ചുകൂട്ടി ആക്സസ് ഓഡിറ്റ് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ തലസ്ഥാനങ്ങളിൽ വിഭിന്ന ശേഷിയുള്ളവർ എത്തുന്ന പൊതുസ്ഥലങ്ങളിൽ ബാരിയർ ഫ്രീ അല്ലാത്ത കെട്ടിടങ്ങളുടെ കണക്കെടുപ്പ് നടത്തുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ access for whole എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. കലാലയങ്ങൾ, സ്കൂൾ, മറ്റ് സ്കൂളുകൾ, കൊളീജിയേറ്റ് എഡ്യൂക്കേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ വിഭിന്ന ശേഷിയുള്ളവരുടെ വീൽ ചെയർ കടന്നെത്തുന്ന അഡാപ്റ്റീവ് ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സംരംഭത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. ഭാരതത്തിലാദ്യമായി ക്ലേശരഹിത സഞ്ചാര സൗകര്യം ഉറപ്പാക്കുന്നതിനുള്ള ബ്രോഷറുകൾ കമ്മീഷണറേറ്റിന്റെ ഭാഗമായി തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഈ കേന്ദ്രവുമായി ടേക്ക്-അപ് ചെയ്ത് കണ്ണൂർ ജില്ല പൈലറ്റ് പ്രോജക്ടായി സമ്പൂർണ്ണ ആക്സസ് ഫ്രീയായിട്ടുള്ള ജില്ലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതുസംബന്ധിച്ച് ജില്ലാ കളക്ടറുമായുള്ള യോഗം പഞ്ചായത്ത് അധികൃതരുമായി അടുത്ത ആഴ്ച ചേരുന്നതാണ്.

(17) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പെൻഷൻ

ശ്രീ. പി. എ. മാധവൻ: സർ, കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായി അനേകം വർഷം സേവനമനുഷ്ഠിച്ച പഞ്ചായത്ത് അംഗങ്ങൾക്ക്

പെൻഷൻ അനുവദിക്കണം എന്ന ആവശ്യം കഴിഞ്ഞ കുറെ കാലമായി പരിഹരിക്കപ്പെടാത്ത പ്രശ്നമായി നിലനില്ക്കുകയാണ്. മുൻകാലങ്ങളിൽ അതീവ ശോചനീയമായിരുന്ന ഗ്രാമപ്രദേശങ്ങളുടെ ഊടുവഴികളിലൂടെയും ഇടവഴികളിലൂടെയും കാൽനടയായി നിസ്വാർത്ഥ സേവനത്തിന് നേതൃത്വം നല്കിയിരുന്നവരാണ് പഞ്ചായത്ത് അംഗങ്ങൾ. ഗ്രാമപ്രദേശങ്ങൾ ഇന്നത്തെ നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് പഞ്ചായത്തംഗങ്ങൾ വഹിച്ച പങ്കിനെ ചെറുതായി കാണാൻ കഴിയില്ല. ഒരു നേരത്തെ ഭക്ഷണത്തിനുപോലും കഴിവില്ലാത്ത രോഗികളും നിരാലംബരുമായി ശിഷ്ടജീവിതം തള്ളിനീക്കുന്ന അനേകായിരം പഞ്ചായത്ത് അംഗങ്ങൾ ഉണ്ട്. പലരും ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് കുറച്ച് കാലമായി സർക്കാർ നിരുപാധികമായി എന്നോണം പെൻഷൻ വാഗ്ദാനം ചെയ്തുവരികയാണ്. മുൻ പഞ്ചായത്ത് മെമ്പർമാർ ഈ ആവശ്യങ്ങൾ ഉന്നയിച്ച് ഒട്ടനവധി സമരങ്ങൾ സംസ്ഥാനവ്യാപകമായി നടത്തിവന്നു. ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് മുൻ പഞ്ചായത്ത് അംഗങ്ങളുടെ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഒരു ധർണ നടന്നുവരികയാണ്. എല്ലാ കാലത്തും മുഖ്യമന്ത്രിയായാലും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴായാലും ഏതെങ്കിലും ഒരു വിഷയത്തിൽ ചർച്ച വരുമ്പോഴായാലും ആവർത്തിച്ച് ആവർത്തിച്ച് നല്കുന്ന ഒരു വാഗ്ദാനമായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻകാല അംഗങ്ങളുടെ പെൻഷൻ നിലനില്ക്കുന്നു. ഈ വാഗ്ദാനം കാലവിളംബം കൂടാതെ യാഥാർത്ഥ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി വളരെ സുവ്യക്തമായ ഒരു ഉറപ്പ് നല്കുന്നതിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, നാടിനുവേണ്ടി വളരെയധികം ത്യാഗം സഹിച്ച് പൊതുരംഗത്ത് പ്രവർത്തിച്ചിരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും വാർദ്ധക്യകാലത്ത് പലവിധ രോഗങ്ങൾ ബാധിച്ച് മരുന്നു വാങ്ങാൻപോലും സാമ്പത്തിക ശേഷിയില്ലാതെ കഷ്ടപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സുരക്ഷാ പദ്ധതികളിൽ ഇക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി അവരുടെ പ്രീമിയം സാമൂഹ്യ സുരക്ഷാ മിഷൻ അടച്ച് ചികിത്സാ ധനസഹായം നല്കുന്നതിന് ഉത്തരവായി കഴിഞ്ഞിട്ടുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകളിലെയും കോർപ്പറേഷനുകളിലെയും മുൻ ജനപ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡുകൾ അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഇത് രണ്ടും ഈ ഗവൺമെന്റ് വന്നശേഷം നല്കിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ കുറഞ്ഞത് 5 വർഷം പൂർത്തിയാക്കിയ, 60 വയസ്സ് കഴിഞ്ഞ, മറ്റൊരു പെൻഷനും ലഭിക്കാത്ത മുൻ ജനപ്രതിനിധികൾക്ക് ഉപാധികളോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും പെൻഷൻ അനുവദിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള ഫയൽ മന്ത്രിസഭയുടെ പരിഗണനയിലാണ്.

(18) ഇനാം പട്ടയം കൈവശമുള്ളവർക്ക് പോക്കുവരവ് ലഭ്യമാക്കൽ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, രാജാവിൽനിന്നും ദേവസ്വത്തിന് ഇനാമായി കിട്ടിയ ഭൂമിയാണ് ഇനാം ഭൂമി എന്നു പറയുന്നത്. ആ ഭൂമി പിൽക്കാലത്ത് കുടികിടപ്പുകാർക്കും സാധാരണക്കാർക്കുമായി കൊടുത്തിരിക്കുകയാണ്. അവർക്ക് ലഭിച്ച പട്ടയമാണ് ഇനാം പട്ടയം. കുറെ നാളുകളായി ആ പട്ടയം ലഭിച്ച സാധാരണക്കാരായ ആളുകൾക്ക് അത് പോക്കുവരവ് നടത്തി കിട്ടുന്നില്ല. അതുകൊണ്ട് ഇനാം പട്ടയം കൈവശമുള്ളവർക്ക് പോക്കുവരവ് നടത്തി കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സർവ്വീസ് ഇനാം പട്ടയം കൈവശമുള്ളവർക്ക് ടി ഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 21-2-2009-ലെ ഉത്തരവുപ്രകാരം 31-11-2011 വരെ ദീർഘിപ്പിച്ച് നല്കിയിരുന്നു. മേൽ തീയതിക്കുശേഷം ലഭിച്ച പട്ടയ അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കി പട്ടയം അനുവദിച്ചിട്ടുള്ളതായും നിലവിൽ 500-ലധികം അപേക്ഷകൾ വിവിധ ഇനാം സെറ്റിൽമെന്റ് ഓഫീസുകളിലായി തീർപ്പാക്കാൻ അവശേഷിച്ചിട്ടുള്ളതായും കൂടാതെ സമയപരിധി കഴിഞ്ഞതിനാൽ അപേക്ഷകൾ നിരസിക്കേണ്ടിവരുന്ന സാഹചര്യങ്ങൾ ഉള്ളതായും ലാൻഡ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സമയപരിധി 31-12-2015 വരെ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ 1-12-2001-നും ടി വിജ്ഞാപനം നിലവിൽ വന്ന 28-11-2014-നും ഇടയ്ക്കുള്ള കാലയളവിൽ സർവ്വീസ് ഇനാം പട്ടയങ്ങൾ അനുവദിച്ചു നല്കിയ നടപടി അടിയന്തരമായി സാധൂകരിക്കുന്നതാണ്.

(19) കൃഷിനാശം ഉണ്ടാകുന്നവർക്ക് ധനസഹായം

ശ്രീ. സണ്ണി ജോസഫ്: സർ, പ്രകൃതിക്ഷോഭംമൂലം വീട്, വസ്തുവകകൾ കൃഷി, എന്നിവയ്ക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കെല്ലാം നല്കുന്ന നഷ്ടപരിഹാര സംഖ്യ

LIBRARY ARCHIVES Kerala Legislative Assembly